# ഊർജ്ജകിരൺ 2022 -23 ഹ്രസ്വ വീഡിയോ നിർമ്മാണ മത്സരം
## പങ്കെടുക്കുന്നവർക്കുള്ള മാർഗരേഖകൾ

- ജീവിതശൈലിയും ഊർജ്ജകാര്യശേഷിയും എന്ന വിഷയത്തിന് ഊന്നൽ കൊടുത്തുകൊണ്ട് ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം ജനഹൃദയങ്ങളിൽ എത്തിക്കുന്ന മൂന്നുമിനിട്ടിൽ കൂടാത്ത വിഡിയോകൾ ആയിരിക്കണം തയ്യാറാക്കേണ്ടത്.
- ഒരു വ്യക്തിക്ക് മാത്രമായോ ഒന്നിൽ കൂടുതൽ വ്യക്തികൾ ചേർന്നോ അല്ലെങ്കിൽ സ്ഥാപനത്തിന്റെ പേരിലോ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്
- മത്സരിക്കുന്ന താലൂക്കിൽ നിന്ന് തന്നെ ചിത്രീകരിച്ച പിന്തുടരാവുന്ന പ്രാദേശികമായ മാതൃകകൾ സഹിതമുള്ള വീഡിയോകൾക്ക് ആയിരിക്കും മുൻഗണന.
- അതോടൊപ്പം ജനങ്ങൾക്ക് ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യത്തെകുറിച്ച നല്ല ഒരു സന്ദേശവും നൽകണം
- വീഡിയോക്ക് ഉചിതമായ ഒരു ശീർഷകം നൽകേണ്ടതാണ്
- വിഡിയോകൾ മത്സരത്തിനായി മാത്രം ചിത്രീകരിച്ചതും ദൃശ്യമാധ്യമങ്ങളിലോ സോഷ്യൽ മീഡിയോയിലോ പ്രദർശിപ്പിക്കാത്തവയും ആയിരിക്കണം
- വീഡിയോകൾ മൊബൈൽ / ക്യാമറ ഉപയോഗിച്ച് നിർമ്മിക്കാവുന്നതാണ്
- വിവരണങ്ങൾ സബ്ടൈറ്റിലുകൾ എന്നിവ മലയാളത്തിൽ നൽകേണ്ടതാണ്
- കേരളത്തിലെ 78 താലൂക്കുകളിലും പദ്ധതി നടപ്പാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ള ഏജൻസികൾക്ക് ആണ് വിഡിയോകൾ അയക്കേണ്ടത് . അവർ വീഡിയോയുടെ ആധികാരികത ഉറപ്പുവരുത്തി മൂല്യനിർണ്ണയത്തിനായി ഇഎംസി/സിഇഡിക്ക് കൈമാറും
- സംസ്ഥാനതലത്തിൽ തിരഞ്ഞെടുത്തിട്ടുള്ള ജൂറി അംഗങ്ങൾ ആയിരിക്കും വീഡിയോകളുടെ മൂല്യ നിർണ്ണയം നടത്തുക
- ജൂറി അംഗങ്ങൾ നല്കുന്ന മാർക്കുകളുടെ ശരാശരി കണക്കാക്കി താലൂക്ക് തലത്തിൽ വിജയിച്ചവരുടെ പേരുകൾ പദ്ധതി നടപ്പാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ള ഏജൻസികൾക്ക് കൈമാറും, അവർ വിജയികൾക്ക് അവാർഡുകൾ വിതരണം ചെയ്യും.
- താലൂക്ക് തലത്തിൽ ഒന്നാം സ്ഥാനക്കാരന് 3,000/- രൂപ ക്യാഷ് പ്രൈസും ഒന്നാം വിജയിക്കുള്ള സർട്ടിഫിക്കറ്റും രണ്ടാം സ്ഥാനക്കാരന് 2,000/- രൂപ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും ലഭിക്കും
- സമ്മാനാർഹമായ വീഡിയോകൾ പ്രചരിപ്പിക്കുന്നതിനുള്ള അവകാശം ഇ എം സിക്ക് ആയിരിക്കും.
- എൻട്രികൾ 2023 ജനുവരി അഞ്ചാംതീയതിക്ക് മുമ്പായി താലൂക്ക് തലത്തിൽ തിരഞ്ഞെടുത്തിട്ടുള്ള ഏജൻസികൾക്ക് അയക്കേണ്ടതാണ്.
- എൻട്രികൾ അയക്കുന്നതോടൊപ്പം നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയും അയക്കേണ്ടതാണ്
- താലൂക്ക് തലത്തിൽ പദ്ധതി നടപ്പാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ള ഏജൻസികളുടെ ലിസ്റ്റും അപേക്ഷിക്കുവാനുള്ള മറ്റുവിശദാശംങ്ങളും www.keralaenegy.gov.in, www.cedindia.org എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.